## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6416** **10-07-2024 - ൽ മറുപടിയ്ക്ക്**

## റൂറൽ ആർട്ട് ഹബ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നാടൻ കലാകാരന്മാരെയും കൈത്തൊഴിലുകാരെയും സംരക്ഷിക്കുന്നതിന് റൂറൽ ആർട്ട് ഹബ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | വളരെയധികം പ്രചാരത്തിൽ ഉണ്ടായിരുന്നതും എന്നാൽ നാശോന്മുഖമായി മാറിയതുമായ പൈതൃക കരകൗശല നിർമ്മിതികളെ സംരക്ഷിച്ചുകൊണ്ട് അത്തരം കലാകാരന്മാരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് എത്തിക്കുന്നതിനായി സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവരുടെ നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി.<br><br>പദ്ധതിയുടെ നിർവഹണ ഏജൻസിയായി വാസ്തുവിദ്യ ഗുരുകലത്തെയാണ് നിയമിച്ചിട്ടുള്ളത്. ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ 39 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ഈ സംഘങ്ങളുടെ പ്രവർത്തങ്ങൾ വിലയിരുത്തുവാനും ധനസഹായം നൽകുവാനും വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകലത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഗ്രാമീണ കലാകേന്ദ്രം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 39 സ്വയം സഹായ സംഘങ്ങൾക്കും നിർവ്വഹണ ഏജൻസി പരിശീലനം നൽകി വരുന്നു. |
| (സി) | റൂറൽ ആർട്ട് ഹബ് പദ്ധതി വനിതാ ശാക്തീകരണത്തിന് സഹായകമാകുന്ന തരത്തിൽ | (സി) | ഗ്രാമീണ കലാകേന്ദ്രം പദ്ധതി പ്രകാരം കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള 39 |

| | | | |
|---|---|---|---|
| | ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | | സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട 750-ഓളം അംഗങ്ങളിൽ ഭൂരിഭാഗവും വനിതകളാണ്. വനിതകൾ മാത്രം സംഘാംഗങ്ങളായിട്ടുള്ള 10- ഓളം സ്വയം സഹായ സംഘങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. അപ്രകാരം വനിതാശാക്തീകരണത്തിന് സഹായമാകുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ